57793/ജെ1/96/ആ.കു.വ. അനുസരിച്ച് സെൻട്രൽ പർച്ചേസ് കമ്മിറ്റിക്ക് പുതിയ മരുന്നുകൾ ഉൾപ്പെടുത്തുവാൻ അധികാരം നൽകിയിട്ടുണ്ട്.

(ഇ) ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ, ധനകാര്യ വകുപ്പ്, സ്റ്റോർ പർച്ചേസ് വകുപ്പ് എന്നിവയുടെ പ്രതിനിധികളും ആണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ ഒഴിവുകൾ

171 (882)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ തസ്തികകളിൽ നിയമനത്തിനുവേണ്ടി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും നിയമനത്തിനായി ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം എക്സ്ചേഞ്ചുകളിൽ നിന്ന് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള അപേക്ഷകരെ നിയമനത്തിനായി പരിഗണിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് നിലവിലുള്ള നിയമത്തിലെയും ഉത്തരവുകളിലെയും വ്യവസ്ഥകളനുസരിച്ചാണ് നിയമനം നടത്തുന്നത്.

(സി)&(ഡി) നിയമനത്തിന് വേണ്ട യോഗ്യതയുള്ളവരുടെ പാനൽ അയച്ചുതരുവാൻ കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട് ആവശ്യപ്പെടുകയും ലിസ്റ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടാണ് പാനൽ അയച്ചുതരുവാൻ ആവശ്യപ്പെടാറുള്ളത്. അവർ ജില്ലയിലെ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ പേര് അയച്ചു തരാറുണ്ട്.

എൻ.എഫ്.സി.പി. യിൽ ജോലി ചെയ്യുന്ന ഫീൽഡ് വർക്കേഴ്സ്

173(884)ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly